സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.), കേരളം**
എസ്.എസ്.എ.ഭവൻ, നന്ദാവനം, തിരുവനന്തപുരം - 695 033
ഫോൺ : 0471 2320826, 2320352. ഫാക്സ് : 2320703.
ഇ-മെയിൽ : ssakerala@gmail.com, www.keralassa.org

വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

നം. പി.3/1113/2018/എസ്.എസ്.എ                                        തീയതി- 14/03/2018

പ്രേഷകൻ.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
എസ്.എസ്.എ, കേരളം.

സ്വീകർത്താവ്

എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും, ബി.പി.ഒ.മാർക്കും.

സർ,

വിഷയം:-എസ്.എസ്.എ. കേരളം- ഹലോ ഇംഗ്ലീഷ്- അവധിക്കാല അധ്യാപക പരിശീലനം- അധ്യാപകരുടെ രജിസ്ട്രേഷൻ- സംബന്ധിച്ച്.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം ഉയർത്തുന്നതിന് വേണ്ടി സർവ്വശിക്ഷാ അഭിയാൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പഠനപരിപോഷണ പരിപാടിയാണ് 'ഹലോ ഇംഗ്ലീഷ്'. 1 മുതൽ 7 വരെയുള്ള ക്ലാസുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ താല്പര്യമുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിലെ എല്ലാ അധ്യാപകർക്കും മധ്യവേനലവധിക്കാലത്ത് എസ്.എസ്.എ യുടെ നേതൃത്വത്തിൽ 5 ദിവസത്തെ പരിശീലനം നൽകുന്നതാണ്. കുട്ടികളുടെ ഭാഷാനൈപുണികളിൽ പ്രകടമായ വളർച്ചയുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് പരിശീലനത്തിന്റെ ഭാഗമായി അധ്യാപകർക്ക് ലഭിക്കുക. ഒന്ന്, രണ്ടു ക്ലാസുകളിലേക്കും; മൂന്ന്, നാല് ക്ലാസുകളിലേക്കും; 5, 6, 7 ക്ലാസുകളിലേക്കുമായി മൂന്ന് മേഖലകളായാണ് പരിശീലനം സംഘടിപ്പിക്കുക. അതിനാൽ താല്പര്യമുള്ള അധ്യാപകർ ഈ മൂന്ന് മേഖലകളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കേണ്ടതാണ്. ബി.ആർ.സി.കൾ താല്പര്യമുള്ള അധ്യാപകരുടെ ലിസ്റ്റ് സ്കൂളുകളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ഇതിൽ അധ്യാപകരുടെ പേര്, പെൻനമ്പർ, സ്കൂൾ കോഡ്(യുഡയസ്), അപേക്ഷിക്കുന്ന മേഖല, സ്കൂളിന്റെ പേര്, ബി.ആർ.സിയുടെ പേര്, ഉപജില്ലയുടെ പേര്, ജില്ലയുടെ പേര് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

അവധിക്കാല ഇംഗ്ലീഷ് അധ്യാപക പരിശീലനത്തിൽ പങ്കെടുക്കുന്ന ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിലെ അധ്യാപകർക്ക് 5 ദിവസം ഹലോ ഇംഗ്ലീഷ് പരിശീലനവും 3 ദിവസം പൊതുമേഖലകളിലുള്ള പരിശീലനവുമാണ് ലഭിക്കുക. ഹലോ ഇംഗ്ലീഷ് പരിശീലനത്തിനായി രജിസ്റ്റർ ചെയ്തവർ മറ്റു വിഷയങ്ങളുടെ പരിശീലനത്തിൽ പങ്കെടുക്കേണ്ടതില്ല. ഹലോ ഇംഗ്ലീഷ് പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാൻ താല്പര്യമുള്ള അധ്യാപകർ 22-3-2018 വൈകുന്നേരം 4 മണിക്കു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ബി.ആർ.സി.കളിൽ ശേഖരിക്കുന്ന അധ്യാപകരുടെ വിവരങ്ങൾ താഴെപറയുന്ന രീതിയിൽ ഓൺലൈനായി ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്യണം. ssamis.com/pmis എന്ന എസ്.എസ്.എ.യുടെ പോർട്ടലിൽ ജില്ലയുടെ യൂസർഐഡിയും പാസ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യണം. അതിനു ശേഷം ഹോംപേജിൽ ടീച്ചർ ട്രെയിനിംഗ് എന്ന മെനുവിൽ നിന്ന് 'ഹലോ ഇംഗ്ലീഷ് രജിസ്ട്രേഷൻ' എന്ന സബ്മെനു സെലക്ട് ചെയ്യണം. രജിസ്ട്രേഷൻ പേജിൽ നിന്ന് അതാത് ജില്ല സെലക്ട് ചെയ്യുക. തന്നിരിക്കുന്ന ഫോർമാറ്റിലേക്ക് ബി.ആർ.സി. എം.ഐ.എസ്-ൽ നിന്ന് ശേഖരിച്ച ഡാറ്റാ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

bo